ഡിപ്പാര്ട്ട്മെന്റ് ഓഫ് കമ്മ്യൂണിക്കഷേന് സന്റെര്ല് ഓഫീസ്,
എസ്.ബി.എസ്. മാര്ഗ്, മുംബൈ - 400001
ഫോണ് : 91 22 2266 0502, ഫാക്സ് : 91 22 2266 0358

പ്രസ്സ് റിലീസ്

ഭാരതീയ റിസര്‍വ് ബാങ്ക്

www.rbi.org.in

ഇമെയില് : helppdoc@rbi.org.in

നവംബര് 29, 2019

# കോര്‍പ്പറേഷന്‍ ബാങ്കിന് ഭാരതീയ റിസര്‍വ് ബാങ്ക് പിഴചുമത്തി

ഭാരതീയ റിസര്‍വ് ബാങ്ക് 2019 നവംബര്‍ 29 ന് പുറപ്പെടുവിച്ച ഒരു ഉത്തരവിലൂടെ കോര്‍പ്പറേഷന്‍ ബാങ്കിന് (ബാങ്ക്) ഒന്നര കോടിരൂപ പിഴചുമത്തിയിരിക്കുന്നു. ആര്‍ബിഐ ബാങ്കുകള്‍ക്കായി നല്‍കിയിരുന്ന നിര്‍ദേശങ്ങളിലെ ചില നിബന്ധനകള്‍ പാലിക്കാതിരുന്നതാണ് ഇതിന് കാരണം. "വായ്പകളിലെ നിഷ്ക്രിയ ആസ്തികള്‍ക്കായുള്ള കരുതി വയ്ക്കല്‍, വരുമാനപരിഗണനം, ആസ്തി വര്‍ഗീകരണം എന്നിവയ്ക്കായുള്ള ജാഗ്രതാമാനദണ്ഡങ്ങള്‍," "വരുമാനപരിഗണനം, ആസ്തിവര്‍ഗീകരണം, വായ്പകളെ സംബന്ധിച്ചുള്ള കരുതിവയ്ക്കല്‍ എന്നിവയ്ക്കായുള്ള ജാഗ്രതാ മാനദണ്ഡങ്ങള്‍," "ബാങ്കുകളിലെ ഇന്‍വെസ്റ്റ്മെന്റ് വിഭാഗത്തിന്റെ പ്രവര്‍ത്തനം, മൂല്യനിര്‍ണയം, വര്‍ഗീകരണം എന്നിവയ്ക്കായുള്ള ജാഗ്രതാ മാനദണ്ഡങ്ങള്‍," "സമ്പദ്വ്യവസ്ഥയിലെ ക്ലേശിത ആസ്തികളെ പുനരുജ്ജീവിപ്പിക്കാന്‍ വേണ്ടിയുള്ള പദ്ധതി - പരിഹാരവും പുന:സംഘടനയും," "വായ്പകളുടെ അന്തിമ വിനിയോഗം സൂക്ഷ്മ നിരീക്ഷണം," "ബാങ്കുകളുടെ ബില്‍ ഡിസ്കൗണ്ടിങ്/ റീഡിസ്കൗണ്ടിങ്," "ഭാരതീയ റിസര്‍വ് ബാങ്ക് (തട്ടിപ്പുകളുടെ വര്‍ഗീകരണവും ബാങ്കുകളും തിരഞ്ഞെടുക്കപ്പെട്ട ധനകാര്യസ്ഥാപനങ്ങളും നല്‍കേണ്ടുന്ന അറിയിപ്പുകളും) നിര്‍ദേശങ്ങള്‍ 2016" എന്നിവയിലെ നിബന്ധനകളാണ് പാലിക്കപ്പെടാതിരുന്നത്.

2. ബാങ്കിങ് റഗുലേഷന്‍ ആക്ട്, 1949 - ലെ സക്ഷേന്‍ 46(4) (i), സക്ഷേന്‍ 51 (1) എന്നിവയോടൊപ്പം ചേര്‍ത്ത് വായിക്കേണ്ട സക്ഷേന്‍ 47(എ) (1) (സി) പ്രകാരമുള്ള വ്യവസ്ഥകളനുസരിച്ച് ആര്‍ബിഐ യില്‍ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങള്‍ വിനിയോഗിച്ചാണ് പിഴ ചുമത്തിയിരിക്കുന്നത്. കാര്യനിര്‍വഹണപരമായ അനുവര്‍ത്തനത്തില്‍ കണ്ടെത്തിയ ന്യൂനതകളെ ആസ്പദമാക്കിയുള്ളതാണ് ഈ നടപടി. ഇത്, ബാങ്ക് അതിന്റെ ഇടപാടുകാരുമായി ഏര്‍പ്പെട്ടിട്ടുള്ള എന്തെങ്കിലും കരാറിന്റെയോ, ഇടപാടിന്റെയോ സാധുതയെക്കുറിച്ച് വിധിപറയാനുദ്ദേശിച്ചുള്ളതല്ല.

**പശ്ചാത്തലം**

ബാങ്കിന്റെ 2017 മാർച്ച് 31-ലെ സാമ്പത്തിക നിലയക്കെുറിച്ചും അതുമായി ബന്ധപ്പെട്ട റിസ്ക് അസസ്സ്മെന്റ് റിപ്പോർട്ടി (ആർഎആർ) നക്കെുറിച്ചും നടത്തിയ ചട്ടപ്രകാരമുള്ള പരിശോധനയിൽ മറ്റ് കാര്യങ്ങളോടൊപ്പം, മേൽപ്പറഞ്ഞ കാര്യങ്ങളിൽ ആർബിഐ പുറപ്പടെുവിച്ചിട്ടുള്ള നിർദശേങ്ങൾ പാലിക്കാതിരുന്നത് വളിെച്ചത്തുവരികയുണ്ടായി. തുടർന്ന്, മേൽപ്രസ്താവിച്ച നിർദശേങ്ങൾ പാലിക്കാതിരുന്നതിന് പിഴ ചുമത്താതിരിക്കാൻ എന്തങ്കിെലും കാരണം കാണിക്കാനുണ്ടോ എന്ന് ആരാഞ്ഞ് ബാങ്കിന് ഒരു നോട്ടീസ് നൽകിയിരുന്നു. ഇതിന് ബാങ്ക് നൽകിയ മറുപടിയും, നരേിട്ടുള്ള കൂടിക്കാഴ്ചയിൽ ബാങ്ക് വാക്കാൽ പരാമർശിച്ചകാര്യങ്ങളും, കൂടുതലായി സമർപ്പിച്ച പത്രികകളും പരിശോധിച്ചതിനുശഷേം ആർബിഐ നിർദശേങ്ങൾ പാലിക്കപ്പടെ്ടിട്ടില്ല എന്ന കുറ്റാരോപണങ്ങളിൻമേൽ ബാങ്കിന് ധനപരമായ പിഴ ചുമത്തണേ്ടുന്ന ആവശ്യമുണ്ടന്നെുള്ള തീരുമാനത്തിൽ ആർബിഐ എത്തുകയാണുണ്ടായത്.

**(യോഗഷേ് ദയാല്)**

പ്രസ് റിലീസ് : **2019-2020/1310** ചീഫ് ജനറല് മാനജേര്